ഗവൺമെന്റിന് ഇതിന് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുവാൻ കഴിയുകയുള്ളൂ. അത് വേണമെന്നാണ് കേരള ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. അതിന് മിനിമം വില നിശ്ചയിച്ച് കോഫി എടുക്കണം എന്നുള്ളതാണ്. മറ്റൊന്ന് ഇവർക്ക് വായ്പയുണ്ട്. കോഫി ബോർഡിന്റെ കാലത്ത് ബോർഡിൽ നിന്നും വാങ്ങിയ വായ്പ, ആ വായ്പ എഴുതിത്തള്ളണമെന്നാണ് കേരള ഗവൺമെന്റിന്റെ അഭിപ്രായം. അതും കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കോഫി ബോർഡിനെ അറിയിച്ചിട്ടുണ്ട്. ബോർഡ് അത് പുനർ വായ്പാ സംവിധാനമായി മാറ്റണമെന്നാണ് പറഞ്ഞിട്ടുള്ളത്. വായ്പ എഴുതിതള്ളണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആവശ്യം. വീണ്ടും ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് കാപ്പി സംഭരിക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമം നടത്തുന്നതാണ്.

(7) കൃഷി ആവശ്യത്തിനായി അനുവദിച്ചിട്ടുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടി നിർത്തിവയ്ക്കണമെന്ന ആവശ്യം

ശ്രീ. വി.ബാലറാം : സർ, കേരളത്തിലെ ചെറുകിട കൃഷിക്കാരെ സംബന്ധിച്ചാണെനിക്ക് പറയാനുള്ളത്. ഏറ്റവുമധികം ബുദ്ധിമുട്ടുന്ന കേരളത്തിലെ നാളികേര-നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം 1995 മുതൽ നടപ്പാക്കി വന്നിരുന്നതാണ് ഈ വൈദ്യുതി സൗജന്യം. ഇപ്പോൾ ഒരു ഹെക്ടർ വരെയുള്ള ചെറുകിട കർഷകർക്ക് അതായത് തെങ്ങുകൃഷിക്കാർക്കും നെൽകൃഷിക്കാർക്കും വൈദ്യുതിബിൽ തുക കർഷകർ നേരിട്ടടയ്ക്കുകയും പ്രസ്തുത തുക തിരിച്ച് കർഷകന് നൽകുകയും ചെയ്യുന്ന സംവിധാനമായിരുന്നു ആദ്യം ഉണ്ടായിരുന്നത്. അത് കഴിഞ്ഞ് പിന്നീട് കർഷകരുടെ വൈദ്യുതി ചാർജ്ജ് കൃഷി ഡിപ്പാർട്ടുമെന്റ് തന്നെ കൃഷിഭവൻ മുഖേന നേരിട്ടടയ്ക്കുന്ന രീതി നടപ്പിലാക്കി. എന്നാൽ ഇപ്പോൾ കർഷകർ ജലസേചനാവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് കൃഷി വകുപ്പ് വൈദ്യുതി ബോർഡിൽ അടയ്ക്കാത്തതിനാൽ വൈദ്യുതി ബോർഡ് 7 മുതൽ 11 മാസം വരെയുള്ള കുടിശ്ശിക ഒന്നിച്ചടയ്ക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കർഷകർക്ക് നോട്ടീസ് അയച്ചിരിക്കുകയാണ്. അതുമാത്രമല്ല ആ കുടിശ്ശിക അടച്ചില്ലെങ്കിൽ വൈദ്യുതി ഡിസ്കണക്ട് ചെയ്യുമെന്ന് നോട്ടീസ് കൊടുത്തിരിക്കുകയാണ്. പല പാവപ്പെട്ട കൃഷിക്കാരുടേയും, 7 മുതൽ 11 മാസം വരെയുള്ള കുടിശ്ശിക ഒരുമിച്ച് അടയ്ക്കാൻ കഴിയാത്ത കർഷകരുടെ വൈദ്യുതി കട്ട് ചെയ്തിരിക്കുകയാണ്. ഇലക്ട്രിസിറ്റി ഓഫീസിൽ അന്വേഷിച്ചപ്പോൾ പറയുന്നത് കൃഷി ഡിപ്പാർട്ടുമെന്റ് വൈദ്യുതി ബോർഡിന് കൊടുക്കാനുള്ള കുടിശ്ശിക ഇതുവരെ കൊടുത്തിട്ടില്ല എന്നാണ്. ഇതുമൂലം കടുത്ത ആശങ്കയിലും അപരിഹാര്യമായ നഷ്ടബോധത്തിലുമാണ് നമ്മുടെ ചെറുകിട കർഷകർ. അതിനാൽ കർഷകർക്ക് നൽകിയിട്ടുള്ള ഈ സൗജന്യം നടപ്പിലാക്കുന്നതിന് കൃഷിവകുപ്പ് അടിയന്തിരമായി നടപടി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നിർദ്ദേശം കൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, 1.8.1995 മുതൽ നെൽക്കൃഷിക്കും 13.1997 മുതൽ രണ്ടു ഹെക്ടർ വരെയുള്ള കേരകൃഷിക്കും വൈദ്യുതി സൗജന്യമാണ്. ഈ സൗജന്യം ലഭിക്കണമെങ്കിൽ അതിന് അർഹരായിട്ടുള്ളവർ കൃഷി ഭവനുകളിൽ അപേക്ഷിക്കണം. അങ്ങനെ അപേക്ഷിച്ചിട്ടുള്ളവർക്കാണ് സൗജന്യം. അങ്ങനെ അപേക്ഷിച്ചിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരന്റെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന പ്രശ്നമില്ല. അങ്ങനെ കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിച്ചതും വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസിൽ അവരുടെ പട്ടികയിൽ പേരുള്ളതുമായ ഒരു കൃഷിക്കാരനും വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ടതില്ല. അവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന പ്രശ്നമില്ല. എന്നാൽ രണ്ടു ഹെക്ടർ വരെയുള്ള കേരകൃഷിക്കാർക്ക് വൈദ്യുതി സൗജന്യം ആണ്. നെൽകൃഷിക്ക് സൗജന്യമാക്കണന്ന പ്രഖ്യാപനം കേട്ട് അതിന്റെ പരിധിയിൽ വരുന്നവർ ആരായാലും കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കാതെ പോയിട്ടുണ്ടെങ്കിൽ അവർ അടയ്ക്കേണ്ടി വരും. അങ്ങനെയുള്ളവർക്ക് അപേക്ഷ കൊടുക്കാൻ വേണ്ടി ഈ ഡിസംബർ 30 വരെ കാലാവധി കൊടുത്തിട്ടുണ്ട്. ഈ ഡിസംബർ 30-നു ള്ളിൽ അപേക്ഷിക്കാത്ത കൃഷിക്കാർ അപേക്ഷിക്കണം. അപേക്ഷിക്കുന്നവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന പ്രശ്നമില്ല. അതേക്കുറിച്ച് വൈദ്യുതി മന്ത്രിയുമായി വിശദമായി ചർച്ചചെയ്തിട്ടുള്ളതാണ്.

(ii) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

<u>ശ്രീ തെന്നാനൂർ രവി</u> : കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ബാലറാം പറഞ്ഞതിന് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ മറുപടി പറഞ്ഞു. അവിടെ എന്താ സ്ഥിതിയെന്നറിയാമോ? അവിടെ നടക്കുന്ന ധൂർത്ത്, അഴിമതി, സ്വജനപക്ഷപാതം, ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങിക്കൂട്ടൽ, ഉദ്ഘാടന മാമാങ്കം, പരസ്യം എന്നീ ഇനങ്ങളിൽ എത്ര കോടിയാണ് ചെലവഴിക്കുന്നത്. ഒന്നും വേണ്ടായെന്ന് പറയുന്നില്ല. ശ്രീ. ശർമ്മയെപ്പോലുള്ള ഒരു മന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഇതന്വേഷിക്കേണ്ട ബാദ്ധ്യത മന്ത്രിക്കുണ്ട്. ഒരുദാഹരണം ഞാൻ പറയാം. ഒക്ടോബർ മാസത്തിലെ റവന്യൂ വരുമാനം 152 കോടി രൂപയാണ്. ചെലവ് വൈദ്യുതി വാങ്ങിയ ഇനത്തിൽ കായംകുളം കേന്ദ്രവിഹിതം 99 കോടി രൂപ. ബ്രഹ്മപുരം കോഴിക്കോട് നിലയത്തിന് ഡിസൽ വാങ്ങിയത് 23 കോടി രൂപ. എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 34 കോടി രൂപ. സർവീസിംഗ് 75 കോടി രൂപ. റിപ്പയർ ആന്റ് മെയിന്റനൻസ് 18 കോടി രൂപ, ഇതു കൂടാതെ ചെങ്കുളം-പന്നിയാർ-പള്ളിവാസൽ പദ്ധതിയുടെ നവീകരണത്തിനുള്ള യന്ത്രസാമഗ്രികൾ വാങ്ങിയ വകയിൽ 40 കോടി രൂപ. നമ്മൾ കസ്റ്റംസ് തീരുവ കൊടുക്കേണ്ടി വന്നു. ഒക്ടോബറിലെ വരുമാനം എല്ലാംകൂടി 152 കോടി രൂപയും ചെലവ് 289 കോടി രൂപയുമാണ്. അതിന്റെ അർത്ഥം ഒരു മാസം, ഒക്ടോബറിൽ മാത്രം 140 കോടി രൂപയുടെ നഷ്ടം വരുത്തി. നവംബറിലെ കണക്ക് എന്റെ കയ്യിലില്ല. നവംബർ എടുത്താൽ അത് 200 കോടി കഴിയും. ഓരോ മാസവും 200 കോടിയുടെ നഷ്ടം ബോർഡിന് ഉണ്ടാകുന്നു. മറ്റൊരു കണക്ക്, സർക്കാരിൽ നിന്നും പിരിഞ്ഞു കിട്ടേണ്ട തുക, വ്യവസായ വകുപ്പിൽ നിന്നും കിട്ടേണ്ട 292 കോടി രൂപ. ഒക്ടോബർ 31 വരെ, എച്ച്.റ്റി. ഗവൺമെന്റ് കൺസ്യൂമേഴ്സ്, സ്കൂളുകൾ ഹോസ്റ്റലുകൾ ഉൾപ്പെടെ 15 കോടി രൂപ എച്ച്.റ്റി., ഇ.എച്ച്.റ്റി., പി.എസ്.സി.യുടേത് ഉൾപ്പെടെ 235 കോടി രൂപ ടൂറിസം 5.6 കോടി രൂപ, കൃഷി വകുപ്പ് 5.1 കോടി രൂപ. മൂന്ന് ശതമാനം ആർ.ആർ. വേണം. അതായത് റിട്ടേൺ ആന്റ് റവന്യൂ 1300 കോടി രൂപ. സർ, ഇത് 1852 കോടി രൂപ ഗവൺമെന്റ് വകുപ്പുകളിൽ നിന്നുമാത്രം പിരിഞ്ഞു കിട്ടാനുണ്ട്. പ്രതിമാസം 150 കോടിരൂപയാണ് നഷ്ടം. എന്റെ അഭിപ്രായ

LIBRARY ARCHIVES Kerala Legislative Assembly